ഉത്തരം

(എ) കുഴൽമന്ദം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ പുതുതായി തസ്തികകൾ അനുവദിക്കുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർ 10-2-2000-ൽ നിർദ്ദേശം സമർപ്പിച്ചിരുന്നെങ്കിലും ധനകാര്യ വകുപ്പിന്റെ 16-1-02-ലെ ജി.ഒ.(പി) നം. 56/02/ധന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചെലവ് ചുരുക്കലിന്റെ ഭാഗമായി അതിൻമേൽ തുടർ നടപടികൾ കൈക്കൊണ്ടിട്ടില്ല.

(ബി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

ഹയർ സെക്കണ്ടറി അദ്ധ്യാപക ലിസ്റ്റ്

95 [2985] ശ്രീ. ടി. യു. രാധാകൃഷ്ണൻ :
,, പി. ടി. തോമസ് :
,, എം. മുരളി :
,, പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി അദ്ധ്യാപക നിയമനത്തിന് ഓരോ വിഷയത്തിലും എത്ര ഒഴിവുകൾ വീതമുണ്ടാകാനിടയുണ്ടെന്നാണ് ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടറേറ്റ് പി. എസ്. സി.-യെ അറിയിച്ചത്;

(ബി) അതനുസരിച്ച് പി. എസ്. സി. നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് തയ്യാറാക്കിയ ലിസ്റ്റിൽ ഓരോ വിഷയത്തിലും യോഗ്യരായ എത്ര പേരുടെ പേര് ചേർത്തിരുന്നു എന്ന് അറിയാമോ?

ഉത്തരം

(എ ആന്റ് ബി) ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ 30-6-2004 വരെ (ജൂനിയറും/സീനിയറും) ഉണ്ടായ ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് പി. എസ്. സി. അഡ്വൈസ് ചെയ്ത എല്ലാവർക്കും നിയമനം നൽകിയിട്ടുണ്ട്. ഹയർ സെക്കണ്ടറി (ജൂനിയർ) തസ്തികയിലേക്ക് പി. എസ്. സി. ഇനിയും അഡ്വൈസ് ചെയ്തിട്ടില്ല. ഓരോ വിഷയത്തിലും പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്ത വേക്കൻസികളുടെയും പി. എസ്. സി. അഡ്വൈസ് ചെയ്ത ഉദ്യോഗാർത്ഥികളുടെയും എണ്ണം അനുബന്ധമായി ചേർക്കുന്നു.†

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly